# മൈക്രോസോഫ്റ്റ് അവാർഡ് അമൃത വിശ്വവിദ്യാപീഠം വിദ്യാർത്ഥികൾക്ക്

കോയമ്പത്തൂർ: ഐ.ടി. കമ്പനിയായ മൈക്രോ സോഫ്റ്റ് ഏർപ്പെടുത്തിയ മൈക്രോസോഫ്റ്റ് ബെസ്റ്റ് പ്രോജക്ട് അവാർഡിന് എട്ടിമടയിലെ അമൃത വിശ്വവിദ്യാപീഠം കല്പിത സർവകലാശായിലെ മൂന്ന് വിദ്യാർത്ഥികൾ അർഹരായി. വിശ്വവിദ്യാപീഠത്തിലെ അമൃത സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിൽ അവസാന വർഷ ബി.ഇ. (കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിങ്) വിദ്യാർത്ഥികളായ ആർ. പ്രവീൺകുമാർ, രാഗേഷ് എസ്. സന്താനം, കെ. ശ്രീവത്സൻ എന്നിവരാണ് 75,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം നേടിയത്.

ഐട്രസ്റ്റ് -ആൻ എൻഡ് ടു എൻഡ് ട്രസ്റ്റ് ബേസ്ഡ് മോഡൽ ഫോർ ആക്സസ് കൺട്രോൾ എന്ന പ്രോജക്ടാണ് പുരസ്കാരത്തിനർഹമായത്. ബാംഗ്ലൂരിൽ നടന്ന മൈക്രോസോഫ്റ്റ് അക്കാദമിക് പ്രോജക്ട് എന്ന ദേശീയതല എക്സ്പോയിൽ പുരസ്കാരം സമ്മാനിച്ചു. മൈക്രോസോഫ്ടിന്റെ അക്കാദമിക് പ്രോഗ്രാമിന്റെ ഭാഗമായുള്ള പുരസ്കാരം നേടിയ ഇന്ത്യയിലെ ഏക വിദ്യാഭ്യാസസ്ഥാപനമാണ് അമൃതവിശ്വവിദ്യാപീഠം. ഇന്ത്യയിലെ 482 നഗരങ്ങളിൽനിന്നായി സമർപ്പിക്കപ്പെട്ട 7000 പ്രോജക്ടുകളിൽനിന്നാണ് അമൃത വിദ്യാർത്ഥികളുടെ പ്രോജക്ട് പുരസ്കാരം നേടിയത്.